പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2978 **29-10-2026-ൽ മറുപടിയ്ക്ക്**

സ്കൂൾ മൈതാനങ്ങൾ പൊതുജനങ്ങൾക്ക് തുറന്നുനൽകൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. മനോജ് മൂത്തേടൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മൈതാനങ്ങൾ പൊതുജനങ്ങൾക്ക് കായികവിനോദങ്ങൾക്കും മാനസിക ഉല്ലാസത്തിനുമായി ഉപയോഗിക്കുന്നതിന് പല സ്ഥലങ്ങളിലും സ്കൂൾ അധികൃതർ അനുമതി നൽകുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്. സ്കൂൾ കളിസ്ഥലങ്ങൾ വൈകുന്നേരങ്ങളിൽ പൊതുജനങ്ങൾക്കായി തുറന്നുനൽകണമെന്ന ആവശ്യം ഉയർന്നതിനെ തുടർന്ന് ഈ വിഷയം പരിശോധിച്ച് വിശദമായ പ്രപ്പോസൽ സമർപ്പിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറേയും തദ്ദേശ സ്വയംഭരണ വകുപ്പിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങളുടെ കായിക പങ്കാളിത്തവും മാനസിക ഉല്ലാസവും പ്രോത്സാഹിപ്പിക്കുന്നതിനായി ഗവൺമെൻറ് സ്കൂളുകളുടെയും സർക്കാരിന്റെ പൂർണ്ണ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകളുടെയും മൈതാനങ്ങൾ പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ